പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6455 — 11.07.2012 ൽ മറുപടിക്ക്

റാപ്പിഡ് റെസ്പോൺസ് & റെസ്ക്യൂ ഫോഴ്സ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ഡി. സതീശൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ഷാഫി പറമ്പിൽ<br>, , തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) റാപ്പിഡ് റെസ്പോൺസ് & റെസ്ക്യൂ ഫോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വിശദമാക്കുമോ: | (എ) State Rapid Action Force നെ Rapid Response and Rescue Force (RRRF) എന്ന് പുനഃനാമകരണം ചെയ്തിട്ടുണ്ട്.<br>സംസ്ഥാനത്ത് വർഗ്ഗീയ കലാപങ്ങൾ ഉണ്ടാകുകയാണെങ്കിൽ അത് ഫലപ്രദമായി നേരിടുന്നതിന് പരിശീലനം ലഭിച്ച സേനാവിഭാഗം ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് കണ്ടുകൊണ്ടാണ് പ്രസ്തുത സേനാ വിഭാഗം രൂപീകരിച്ചത്. കൂടാതെ ദുരന്തനിവാരണത്തിനും വി.ഐ.പി. സുരക്ഷയ്ക്കും പ്രസ്തുത സേനയുടെ സേവനം ഉപയോഗിച്ചു വരുന്നുണ്ട്. ടി ബറ്റാലിയനെ Quick Response Team, Disaster Relief Team, VIP Security Wing എന്നിങ്ങനെ മൂന്ന് വിംഗുകളായി തിരിച്ചിട്ടുണ്ട്. Quick Response Team, Disaster Relief Team എന്നിവയെ കേരളത്തിലെ 4 റേഞ്ച് ഐ.ജി.മാരുടെ കീഴിലും VIP Security Wing നെ ഇന്റേണൽ സെക്യൂരിറ്റി ഐ.ജി.യുടെ കീഴിലും ആണ് വിന്യസിച്ചിട്ടുള്ളത്. |
| (ബി) ദുരന്തലഘൂകരണം, ദുരന്തനിവാരണം എന്നീ മേഖലകളിൽ എന്തെല്ലാം സേവനങ്ങളും പ്രവർത്തനങ്ങളുമാണ് ഈ ഫോഴ്സ് നടത്തുന്നത്, വിശദാംശങ്ങൾ നല്കാമോ ; | (ബി) കേരളത്തിലെ അതാത് റേഞ്ചുകളിലെ അടിയന്തിര സാഹചര്യങ്ങൾക്കനുസരിച്ച് സേന കാര്യക്ഷമമായി പ്രവർത്തിച്ചുവരികയും ദുരന്ത നിവാരണ ഘട്ടങ്ങളിൽ കർമ്മനിരതരാവുകയും ദുരന്ത ലഘൂകരണത്തിനായി പരാമാവധി |

സേവനം ഉപയോഗപ്പെടുത്തുകയും ചെയ്ത് വരുന്നു.

(സി) പ്രസ്തുത മേഖലയിൽ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ; വിശദമാക്കുമോ ;

(ഡി) എത്ര റെയ്ഞ്ചുകളിൽ ആണ് പ്രസ്തുത ഫോഴ്സ് സേവനം അനുഷ്ഠിച്ചു വരുന്നത് ; വിശദാംശങ്ങൾ നല്കാമോ ?

(സി) യും (ഡി) യും

4 റേഞ്ചുകളിൽ

തിരുവനന്തപുരം റേഞ്ച് - QRT, DRT

എറണാകുളം റേഞ്ച് - QRT, DRT

തൃശൂർ റേഞ്ച് - QRT, DRT

കണ്ണൂർ റേഞ്ച് - QRT, DRT

ഐ.ജി.പി. സെക്യൂരിറ്റിയുടെ കീഴിൽ

- VIP Security

സെക്ഷൻ ഓഫീസർ